## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4631  18/12/2014-ലെ മറുപടിക്ക്**

**ലബ്ബ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ലബ്ബ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാനായി സർക്കാർ നിയമിച്ച പ്രൊഫ. പി.ഒ.ജെ. ലബ്ബ അധ്യക്ഷനായ കമ്മിറ്റി 16/04/2013-ന് അതിന്റെ ഒന്നാം ഘട്ട റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (ബി) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;<br><br>(ഡി) പ്രസ്തുത റിപ്പോർട്ടിലെ എന്തെല്ലാം ശുപാർശകളാണ് നടപ്പ് അധ്യയന വർഷം മുതൽ നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി)<br>&<br>(ഡി) | ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ താഴെപറയുന്ന ശുപാർശകൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 2014-15 അധ്യയന വർഷം മുതൽ ഹയർ സെക്കന്ററി പ്ലസ് വൺ കോഴ്സിനുള്ള പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>2. 24/06/2014-ലെ സ.ഉ. (കൈ.) നം.117/14/പൊവി പ്രകാരം ശനിയാഴ്ച ഒഴിവാക്കി സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ അഞ്ചാക്കി ഉത്തരവ് പുറപ്പെടുവിച്ച് പ്രാവർത്തികമാക്കിയിട്ടുണ്ട്.<br><br>3. 2014-15 അധ്യയനവർഷത്തിൽ ഒരു ക്ലാസിലെ കുട്ടികളുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തുക എന്ന ലക്ഷ്യം |

മുൻനിറുത്തി സർക്കാർ അധിക ഹയർ
സെക്കന്ററി ബാച്ചുകൾ
അനവദിച്ചിട്ടുണ്ട്.
മറ്റു ശുപാർശകൾ സർക്കാരിന്റെ
പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

4

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്